ഉത്തരം

(എ) 24-1-2011-ലെ ജി.ഒ.(എം)എസ്.)43/2011/ആ.കു.വ. ഉത്തരവ് പ്രകാരം ജില്ലാ ആശുപത്രിയായി ഉയർത്തിയിട്ടുണ്ട്.

(ബി&സി) ഇപ്പോൾ പരിഗണനയിലില്ല.

(ഡി) ഇക്കാര്യത്തിൽ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടില്ല.

വയനാട് ജില്ലയിൽ അനുവദിച്ച പ്രൈമറി ഹെൽത്ത് സെന്ററുകൾ

23 (1745) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വയനാട് ജില്ലയിൽ പ്രൈമറി ഹെൽത്ത് സെന്ററുകൾ ഇല്ലാത്ത പഞ്ചായത്തുകൾ നിലവിലുണ്ടോ ;

(ബി) എങ്കിൽ അവയുടെ താലൂക്ക് അടിസ്ഥാനത്തിലുള്ള വിശദാംശങ്ങൾ നൽകുമോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വയനാട് ജില്ലയിൽ ഏതൊക്കെ പഞ്ചായത്തുകളിൽ പ്രൈമറി ഹെൽത്ത് സെന്ററുകൾ അനുവദിച്ചുവെന്നതിന്റെ താലൂക്കടിസ്ഥാനത്തിലുള്ള വിവരം ലഭ്യമാക്കുമോ ;

(ഡി) ഇവയിൽ, ഏതെല്ലാം പ്രവർത്തനം ആരംഭിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ ; മറ്റുള്ളവ പ്രവർത്തനം ആരംഭിക്കാത്തതിന്റെ കാരണമെന്താണെന്ന് വെളിപ്പെടുത്തുമോ ;

(ഇ) മുപ്പൈനാട് ഗ്രാമപഞ്ചായത്തിൽ പ്രൈമറി ഹെൽത്ത് സെന്റർ ആരംഭിക്കുവാൻ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയിട്ടും പ്രവർത്തനം തുടങ്ങാൻ നടപടി സ്വീകരിക്കാത്തതെന്തെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) വൈത്തിരി താലൂക്കിലെ മുപ്പൈനാട് ഗ്രാമപഞ്ചായത്തിൽ പ്രാഥമികാരോഗ്യകേന്ദ്രം ഇല്ല.

(സി-ഇ) വയനാട് ജില്ലയിലെ മുപ്പൈനാട് ഗ്രാമപഞ്ചായത്ത് ഉൾപ്പെടെ പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ ഇല്ലാത്ത സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും ഇവ ആരംഭിക്കുന്നത് സംബന്ധിച്ച ശുപാർശ സർക്കാർ പരിശോധിച്ചുവരുന്നു.

ഇരിക്കൂർ പി.എച്ച്.സി.-യുടെ പദവി ഉയർത്താൻ നടപടി

24 (1746) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇരിക്കൂർ പ്രൈമറി ഹെൽത്ത് സെന്റർ സി.എച്ച്.സി.യായി ഉയർത്തുവാനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിനാവശ്യമായ ഉത്തരവ് പുറപ്പെടുവിച്ചോ എന്ന് വെളിപ്പെടുത്തുമോ ; ഇല്ലെങ്കിൽ കാരണം എന്താണ് എന്ന് വിശദമാക്കുമോ ?

ഉത്തരം

(എ&ബി) 20-8-2010-ലെ സർക്കാർ ഉത്തരവ് (എംഎസ്.)557/2010/ആ.കു.വ. പ്രകാരം ഇരിക്കൂർ പ്രൈമറി ഹെൽത്ത് സെന്റർ സി.എച്ച്.സി. ആയി ഉയർത്തിയിട്ടുണ്ട്.

തൃത്താല മണ്ഡലത്തിലെ സി.എച്ച്.സി.-കൾ

25 (1747) ശ്രീ. ടി. പി. കുഞ്ഞുണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര പി.എച്ച്.സി./ ബി.പി.എച്ച്.സി.കളെ സി.എച്ച്.സി. ആയി ഉയർത്തി ; ഇതിന്റെ ജില്ലതിരിച്ചുള്ള പൂർണ്ണവിവരം വ്യക്തമാക്കുമോ ;

(ബി) പാലക്കാട് ജില്ലയിൽ സി.എച്ച്.സി ആയി ഉയർത്തപ്പെട്ട സ്ഥാപനങ്ങളുടെ അടിസ്ഥാന വികസനത്തിന് നടപ്പിലാക്കിയ പ്രവർത്തനങ്ങളുടെ പൂർണ്ണ വിവരം വിശദമാക്കുമോ ;

(സി) തൃത്താല മണ്ഡലത്തിൽ സി.എച്ച്.സി ആയി ഉയർത്തപ്പെട്ട സ്ഥാപനങ്ങൾ പൂർണ്ണതോതിൽ പ്രവർത്തനസജ്ജമാക്കാൻ ആവശ്യമായ ജീവനക്കാരെ വ്യത്യസ്ത വിഭാഗങ്ങളിൽ നിയമിക്കാൻ നടപടി സ്വീകരിക്കുമോ ; പ്രസ്തുത സ്ഥാപനങ്ങൾ സി.എച്ച്.സി. ആയി പൂർണ്ണതോതിൽ പ്രവർത്തിക്കാൻ ആവശ്യമായ കെട്ടിടങ്ങൾ അടക്കമുള്ള പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) വിശദവിവരം അനുബന്ധം (എ)-യിൽ ചേർത്തിട്ടുണ്ട്.

(ബി) പാലക്കാട് ജില്ലയിലെ സി.എച്ച്.സി.-കളായ നെന്മാറ, നന്തിയോട്, ആലത്തൂർ, കുഴൽമന്ദം, വടക്കാഞ്ചേരി, എലപ്പുള്ളി, അമ്പലപ്പാറ, കടമ്പഴിപ്പുറം, കൊടുവായൂർ, ചെർപ്പുളശ്ശേരി, അഗളി, അലനല്ലൂർ എന്നിവിടങ്ങളിൽ എൻ.ആർ.എച്ച്.എം. മുഖേന വികസനപ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. പദ്ധതി സംബന്ധിച്ച വിവരങ്ങൾ അനുബന്ധം (ബി) യിൽ ചേർത്തിട്ടുണ്ട്.

(സി) ജീവനക്കാരെ താൽക്കാലിക അടിസ്ഥാനത്തിൽ നിയമിക്കുന്നതിനും പശ്ചാത്തല സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും എൻ.ആർ.എച്ച്.എം. മുഖേന നടപടികൾ സ്വീകരിച്ചുവരുന്നു. നിലവാരം ഉയർത്തിയ ആരോഗ്യ സ്ഥാപനങ്ങളിലേക്ക് ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.*

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly